LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം

120 [125] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സ്ഥലം മാറ്റത്തിനുള്ള പൊതു മാനദണ്ഡം നിശ്ചയിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിധിയുടെ പ്രസക്ത ഭാഗങ്ങൾ വെളിപ്പെടുത്തുമോ;

(സി) വിധി നടപ്പിലാക്കുന്നതിന് കാലപരിധി കോടതി നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിൽ കാലാവധി എപ്പോൾ പൂർത്തിയാകും;

(ഡി) മാനദണ്ഡം തയ്യാറാക്കുന്നത് സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; ചർച്ച എന്ന് നടത്തുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. എന്നാൽ പൊതുവിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്ഥലം മാറ്റം നടത്തിവരുന്നത്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി 9-8-2004-ൽ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ, കോടതി വിധി ലഭിച്ച് മൂന്ന് മാസത്തിനകം ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഡബ്ല്യു.പി.(സി) നം. 26742/04 കേസിൽ, 13-9-2004-ൽ ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോടതി ഉത്തരവിന്റെ സമയപരിധി 24-12-2004-ൽ അവസാനിച്ചു. മൂന്ന് മാസത്തേയ്ക്കുകൂടി സമയ പരിധി നീട്ടിക്കിട്ടുന്നതിന് എക്സ്റ്റൻഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.